# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *452

18.11.2019 ലെ മറുപടിയ്ക്ക്

## വാളയാറിലെ പെൺകുട്ടികളുടെ ദുരൂഹമരണം

| ചോദ്യം<br>ശ്രീ. എം.വിൻസെന്റ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി, പട്ടികവർഗ്ഗ പീഡനങ്ങൾ വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി-പട്ടികവർഗ്ഗ പീഡനങ്ങൾ വർദ്ധിക്കുന്നതായ സാഹചര്യം ഉണ്ടായിട്ടില്ല. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇത്തരം സംഭവങ്ങൾ യഥാസമയം പരിശോധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന കർശന നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട്. |
| (ബി) | വാളയാറിൽ പട്ടിക വിഭാഗത്തിൽപ്പെട്ട പ്രായ പൂർത്തിയാകാത്ത രണ്ടു പെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ പ്രതികളായവർ ഭരണകക്ഷി പ്രവർത്തകരായിരുന്നതിനാൽ എല്ലാ സംരക്ഷണവും നൽകി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ട പ്രതികളെ വെറുതെ വിട്ട സംഭവം സർക്കാർ ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹു. കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.<br>ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയു |

| | | | |
|---|---|---|---|
| | | | ണ്ടായിരുന്ന ഡി.വൈ.എസ്.പി. യുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസ്. ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.<br>പോലീസിന്റേയും പ്രോസിക്യൂഷന്റേയും ഭാഗത്ത് കേസ് കൈകാര്യം ചെയ്യതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപം പരിശോധിച്ചുവരുന്നു. |
| (സി) | പ്രതിഭാഗം അഭിഭാഷകനെ ശിശുക്ഷേമ സമിതിയുടെ പാലക്കാട് ജില്ലാ അദ്ധ്യക്ഷനാക്കി എന്നും അദ്ദേഹത്തിനെതിരെ ആക്ഷേപം ഉണ്ടായപ്പോൾ തൽസ്ഥാനത്തുനിന്നും നീക്കാതെ സംരക്ഷിച്ചുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | പ്രതിക്കുവേണ്ടി പാലക്കാട് സി.ഡബ്ല്യൂ.സി. യുടെ ചെയർമാൻ കോടതി മുമ്പാകെ ഹാജരായിരുന്നു-വെന്ന ആരോപണം ഉയർന്ന സാഹചര്യത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള വകുപ്പ് മേധാവി അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ഡബ്ല്യൂ.സി. അദ്ധ്യക്ഷസ്ഥാനത്തുനിന്നും അദ്ദേഹത്തെ മാറ്റിനിർത്തിയിട്ടുണ്ട്. |
| (ഡി) | ഈ കേസിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദിയായ സർക്കാർ വക്കീലിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദമാക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ